# തിരുവനന്തപുരംമുനിസിപ്പൽ കോർപ്പറേഷൻ

CS/Covid/1/2021 തീയതി: 26.04.2021

## <u>സർക്കുലർ</u>

വിഷയം: കോവിഡ് പ്രതിരോധം – ആർആർറ്റി യോഗങ്ങൾ കൂടുന്നത് സംബന്ധിച്ച്.

സൂചന:

സൂചന ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാനങ്ങളിൽ ഡിവിഷൻ തലത്തിൽ റാപ്പിഡ് റെസ്പോൺസ് ടീം (ആർആർറ്റി) രൂപീകരിക്കുന്നതിനും കോവിഡ് പ്രതിരോധ നടപടികൾ ചർച്ച ചെയ്ത് തീരുമാനമെടുത്ത് നടപ്പിലാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷനിൽ ആയത് ഫലപ്രദമായി നടന്നു വരുന്നു. എന്നിരുന്നാലും പ്രസ്തുത ആർ ആർ റ്റി യോഗങ്ങളിൽ ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങളും തീരുമാനമെടുക്കേണ്ട വിഷയങ്ങളേയും സംബന്ധിച്ച് ചില സംശയങ്ങൾ ഉയരുകയും ആയതിന് വ്യക്തത വരുത്തണമന്ന് എച്ച്ഐ മാർ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പശ്ചാത്തലത്തിൽ ആർ ആർ റ്റി യോഗങ്ങളിൽ ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങളും തീരുമാനമെടുത്ത് നടപ്പിലാക്കേണ്ട വിഷയങ്ങളേയും സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ആർ ആർ റ്റി യോഗങ്ങളിൽ താഴെ പറയുന്ന വിഷയങ്ങൾ ചർച്ചചെയ്യപ്പെടേണ്ടതും ആയതിന് അനുസൃതമായ രീതിയിൽ തീരുമാനമെടുത്ത് നടപ്പിലാക്കേണ്ടതുമാണ്.

1. **<u>ബോധവൽക്കരണം</u>–** കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതിന്റെയും എസ്എംഎസ് (സാനിട്ടൈസേഷൻ, മാസ്ക്, സാമൂഹിക അകലം പാലിക്കൽ) തുടങ്ങിയവയെ സംബന്ധിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
2. **<u>റിവേഴ്സ് ക്വാറന്റൈൻ ഉറപ്പുവരുത്തുക:–</u>**പ്രസ്തുത വാർഡിൽ വയോധികർ, സാന്ത്വന ചികിത്സ ലഭിക്കുന്നവർ, മറ്റ് ഗുരുതരമായ രോഗങ്ങളുള്ളവർ

എന്നിവരുടെ പട്ടിക തയ്യാറാക്കി അവർ യാതൊരു കാരണവശാലും പുറത്തിറങ്ങുന്നില്ല എന്നും മറ്റു പൊതുജനങ്ങളുമായി സാമീപ്യം ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തി ഇവരെ രോഗം വരുന്നതിൽ നിന്നും സംരക്ഷിക്കുക. ഇത്തരം ജനസമൂഹത്തിന് പൊതുവെ പ്രതിരോധശേഷികുറവാണ്. ഇവർക്ക് ചെറിയ രീതിയിലുള്ള സമ്പർക്കം പോലും ഇൻഫക്ഷന് കാരണമാകുകയും രോഗം വ്യാപിച്ച് ഗുരുതരാവസ്ഥയിൽ എത്തിക്കുകയും ചെയ്യും. കൂടാതെ ഇത്തരക്കാരുടെ പട്ടിക തയ്യാറാക്കി ഇവരെല്ലാം തന്നെ ആദ്യഘട്ടത്തിൽ വാക്സിനേഷൻ സ്വീകരിച്ചു എന്നു ഉറപ്പുവരുത്തേണ്ട ആവശ്യമുണ്ട്.

3. **<u>സ്പെഷ്യൽ കെയർ ആവശ്യമുള്ള മേഖലകൾ/ജനവിഭാഗങ്ങൾ:-</u>** സമൂഹത്തിൽ ചില വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്. വയോജനങ്ങൾ, സാന്ത്വന ചികിത്സ ലഭിക്കുന്നവർ, മറ്റ് ഗുരുതരമായ രോഗങ്ങമുള്ളവർ എന്നിവരുടെ പട്ടിക തയ്യാറാക്കി ഇവർക്ക് പ്രത്യേക പരിചരണവും അവബോധവും നൽകേണ്ടതാണ്. ചേരിപ്രദേശം, തീരപ്രദേശം, പൊതുവേ ജനസാന്ദ്രത കൂടുതലായതു കാരണവും അവിടത്തെ സാനിട്ടേഷന്റെ അവസ്ഥ മോശമായതിനാലും രോഗം വളരെ വേഗത്തിൽ പൊട്ടി പുറപ്പെടുന്നതിന് കാരണമാകുന്നതാണ്. ആയതിനാൽ അത്തരം സ്ഥലങ്ങൾ കണ്ടെത്തി അവിടെ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. കെയർഹോമുകൾ, അഥിതിതൊഴിലാളികൾ എന്നിവർ താമസിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ഇവിടേയും പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

4. **<u>പരിസര ശുചീകരണം / അണുനശീകരണം:</u>** പരിസര ശുചീകരണം രോഗവ്യാപനം തടയുന്നതിന് ഒരു പരിധിവരെ കാരണമാകുന്നു. ആയതിനാൽ പരിസരശുചീകരണം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ എടുക്കേണ്ടതാണ്. കൂടാതെ പൊതുസ്ഥലങ്ങൾ, പൊതുജനങ്ങൾ കൂടുന്ന സ്ഥലങ്ങളിൽ എന്നിവിടങ്ങിൽ യഥാസമയങ്ങിൽ അണുവിമുക്തി നടത്തുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ തീരുമാനങ്ങൾ എടുക്കേണ്ടതാണ്.

5. **<u>ക്വാറന്റൈൻ പാലിക്കുക:</u>** പ്രസ്തുത വാർഡിൽ രോഗികൾ, പ്രഥമിക ദ്വിതീയ സമ്പർക്കപ്പട്ടികയിൽ വരുന്നർ എന്നിവരുടെ പട്ടിക തയ്യാറാക്കി അവർ യാതൊരു കാരണവശാലും പുറത്തിറങ്ങുന്നില്ല എന്നും മററുള്ളവരുമായി

ബന്ധപ്പെടുന്നില്ല എന്നും ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക.

6. **<u>ആൾക്കൂട്ടങ്ങൾ ഒഴിവാക്കുക:</u>** പ്രസ്തുത വാർഡിൽ പൊതുവെ ആൾക്കൂട്ടങ്ങൾ കാണപ്പെടുന്ന സ്ഥലങ്ങൾ (കളിസ്ഥലങ്ങൾ, ചില ഷോപ്പുകൾ, സ്ഥാപനങ്ങൾ, ടൂറിസം സ്ഥലങ്ങൾ) എന്നിവടങ്ങളിൽ ആൾക്കാർ കൂടുന്നുണ്ടാകും ഇവ കണ്ടെത്തി അവിടങ്ങളിൽ യാതൊരു കാരണവശാലും ആൾക്കൂട്ടം ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രസ്തുത സ്ഥലങ്ങളിൽ ആൾക്കൂട്ടം ഉണ്ടാകുന്ന പക്ഷം ആയത് സെൻട്രൽ മജിസ്ട്രേട്ട്/ പോലീസ് എന്നിവരുടെ ശ്രദ്ധയിൽ പ്പെടുത്തി അത് തടയുന്നതിനുള്ള ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചില ഷോപ്പുകളിൽ പ്രത്യേകിച്ച് രാവിലെയും വൈകുന്നേരങ്ങളിലും ലഘു ഭക്ഷണങ്ങൾ കഴിക്കുന്നതിന് വലിയ രീതിയിലുള്ള ആൾക്കൂട്ടങ്ങൾ കാണുന്നുണ്ട് (ചായ/സ്നാക്ക്സ്) ഇത്തരം സ്ഥലങ്ങൾ കണ്ടെത്തി ആൾക്കൂട്ടങ്ങൾ ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
7. **<u>എൻഫോഴ്സ്മെന്റ്:-</u>**കോവിഡ് പ്രട്ടോക്കോൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പ്രത്യേക പരിശോധന നടത്തേണ്ടതും ലംഘിക്കപ്പെടുന്ന പക്ഷം ആയതിന് ആദ്യഘട്ടത്തിൽ മുന്നറിയിപ്പും തുടരുന്നു എങ്കിൽ ശക്തമായ നിയമനടപടിയും സ്വീകരിക്കേണ്ടതാണ്. ഇതിനായി നഗരസഭയുടെ എൻഫോഴ്സ്മെന്റ് ടീം, സെക്ട്രൽ മജിസ്ട്രട്ട്, പോലീസ് എന്നിവരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.
8. **<u>അഥിതി തൊഴിലാളികൾ:-</u>** അഥിതി തൊഴിലാളികൾ അംഗീകൃതവുമല്ലാത്ത ക്യാമ്പുകളിൽ താമസിച്ചു വരുന്നതായി കാണുന്നു. ഇത്തരം സ്ഥലങ്ങൾ കണ്ടെത്തി അവിടെ ശുചീകരണം നടത്തിയിട്ടുണ്ടെന്നും വലിയ രീതിയിലുള്ള ആൾക്കൂട്ടം ഇല്ലായെന്നും ആവശ്യമായ കക്കൂസ് ഉണ്ട് എന്നും ഉറപ്പുവരുത്തേണ്ടതാണ്. കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നിർദ്ദേശം കൊടുക്കേണ്ടതും ഇത്തരം സ്ഥലങ്ങളിൽ പ്രത്യേക പരിശോധന നടത്തേണ്ടതുമാണ്.
9. **<u>ക്ഷേമപ്രവർത്തനങ്ങൾ:-</u>**കോവിഡ് പ്രർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന സർക്കാർ വിവിധ തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് സാധാരണ ജനജീവിതത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. പലരുടേയും ദൈനംദിന ജീവിതത്തെ ബാധിക്കുന്ന രൂപത്തിൽ ഇത്തരം നിയന്ത്രണങ്ങൾ

എത്തിയിട്ടുണ്ട്. രോഗികളായവർക്കും ദൈനംദിന തൊഴിലുകൾ നഷ്ടപ്പെട്ടവർക്കും ചിലപ്പോൾ ഭക്ഷണം ആവശ്യമായി വരുന്നുണ്ട്. അവർക്ക് ആവശ്യമായ ഭക്ഷണം എത്തിച്ചുകൊടുക്കൽ, മെഡിസിൻ എത്തിച്ച് കൊടുക്കൽ, രോഗികൾക്ക് ആവശ്യമായ ട്രാൻസ്പോർട്ടേഷൻ തുടങ്ങിയവ പ്രാദേശിക തലത്തിൽ കണ്ടെത്തി ചെയ്തു കൊടുക്കുന്നതിനുള്ള സംവിധാനം രൂപപ്പെടുത്തേണ്ടതാണ്.

ആർ ആർ റ്റി യുടെ കൺവീനർമാർ ഹെൽത്ത് ഇൻസ്പെക്ടർമാരാണ്. കൗൺസിലർമാരുമായി ആലോചിച്ച് യഥാവിധി/ആവശ്യാനുസരണം ആർ ആർ റ്റി യോഗം കൃത്യമായി കൂടുന്നുയെന്ന് ഉറപ്പാക്കേണ്ടത് കൺവീനർമാരുടെ ചുമതലയാണ്. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് സർക്കാർ/DDMA/ നഗരസഭ ഇറക്കുന്ന ഉത്തരവുകൾ/നിർദ്ദേശങ്ങൾ എന്നിവ യോഗങ്ങളിൽ സമർപ്പിക്കേണ്ടതും ചർച്ച ചെയ്ത് നടപ്പിലാക്കുന്നതിനാവശ്യമായ തീരുമാനം എടുക്കേണ്ടതുമാണ്. കൂടാതെ നഗരസഭ/വാർഡ് എന്നിവിടങ്ങളിലെ കോവിഡ് സ്ഥിതിവിവരം കണക്ക് യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. യോഗ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിനായി പ്രത്യേകം മിനിട്ട്സ് ബുക്ക് സൂക്ഷിക്കേണ്ടതതും എല്ലാ തീരുമാനങ്ങളും/ ചർച്ചയും ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

**സെക്രട്ടറി**

എല്ലാ ഹെൽത്ത് ഇൻസ്പെക്ടർമാർക്കും

പകർപ്പ്:

ബഹു. മേയർ
ഡെപപ്യൂട്ടി മേയർ
സ്റ്റാന്റിംഗ് കമ്മിറ്റി
കൗൺസിലർമാർ
ഹെൽത്ത് ഓഫീസർ/ഹെൽത്ത് സൂപ്പർവൈസർ
HOD

**സെക്രട്ടറി**